**POLICE** **DEPARTMENT**

**KERALA**

**No. G5-68329/2016/TC**
City Police Office,
Thiruvananthapuram
cptvm.pol@kerala.gov.in
04712320579
Dated. 11-12-2017

## <u>പുനർലേല പരസ്യം</u>

തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ളതും നേമം വില്ലേജ് പരിധിയിൽ ഉൾപ്പെടുന്നതുമായ നേമം പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന നം.5654 മുതൽ 5662 വരെയുള്ള 9 ഫാമിലി ക്വാർട്ടേഴ്സുകൾ ലേലം ചെയ്തു പൊളിച്ചു നീക്കുന്നതിനായി **20/12/2017 തീയതി രാവിലെ 11.00 മണിക്ക്** തിരുവനന്തപുരം സിറ്റി പോലീസ് ഓഫീസിൽ വെച്ച് പരസ്യമായി പുനർ ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുവന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിശ്ചിത നിരതദ്രവ്യമായ 9777/-(ഒൻപതിനായിരത്തി എഴുന്നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) ലേല സമയത്ത് ആയതിനാൽ ചുമതലപ്പെടുത്തിയിരിക്കുന്ന ബോർഡ് മുൻപാകെ അടച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതുമാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരത ദ്രവ്യമായ സംഖ്യ അടച്ചതിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് ( തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ) സഹിതം 18/12/17 തീയതി ഉച്ചക്ക് 3 മണി വരെ കമണ്ടാന്റ്റ്, എ.ആർ ക്യാമ്പ് തിരുവനന്തപുരം സിറ്റി മുൻപാകെ സമർപ്പിക്കാവുന്നതാണ്. ദർഘാസ് അടങ്ങിയ കവറിനു പുറത്ത് പോലീസ് ഡിപ്പാർട്ട്മെന്റ് വക നേമം പോലീസ് ക്വാർട്ടേഴ്സ് കെട്ടിടം ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ് ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേല സ്ഥലത്ത് കൃത്യ സമയത്ത് ഹാജരാക്കേണ്ടതാണ്.

പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിനു ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലത്തുകയുടെ പകുതി തുക ടിയാൻ അപ്പോൾ തന്നെ അടക്കേണ്ടതുമാണ് . ലേലം നഷ്ടപ്പെടുന്നവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുമ്പോൾ ബാക്കി തുകയും മുഴുവൻ തുകയുടെ നികുതികളുമടച്ച് സ്വന്തം ചെലവിൽ 10 ദിവസത്തിനകം ടി കെട്ടിടങ്ങൾ പൊളിച്ചു നീക്കം ചെയ്യേണ്ടതുമാണ്. മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാതെ വന്നാൽ ടിയാൻറെ നിരത ദ്രവ്യം സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും കെട്ടിടം പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിന് സർക്കാരിന് ഉണ്ടാകുന്ന നഷ്ടത്തിന് മുൻ ലേലക്കാരൻ ഉത്തരവാദിയായിരിക്കുന്നതും നഷ്ട സംഖ്യ ടിയാനിൽ നിന്നും ഈടാക്കുന്നതുമാണ്. തിരുവനന്തപുരം ജില്ലാ പോലീസ് മേധാവിക്ക് ഉചിതമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം നിർത്തി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കും. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെ നേമം പോലീസ് ഇൻസ്പെക്ടറുടെ അനുമതിയോടെ ലേല വസ്തു കാണാവുന്നതുമാണ്.

P Prakash IPS
Commissioner of Police

To : എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും, കമാണ്ടാന്റ്റ് എ.ആർ, തിരുവനന്തപുരം സിറ്റി, എല്ലാ എസ്.ഡി.പി.ഒ മാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനു വേണ്ടി നൽകുന്നു. 2. ചെയർമാനും ബോർഡ് മെമ്പർമാർക്കും, കാഷ്യർ,സി.പി.ഒ എന്നിവർക്ക് അനന്തര

G5-68329/2016/TC

09a170

നടപടികൾക്കായി നൽകുന്നു. 3 തിരുവനന്തപുരം സെൻട്രൽ പ്രസ്സ് സൂപ്രണ്ടിന് 5 പകർപ്പുകൾ ഗസറ്റ് വിജ്ഞാപനത്തിനായി നൽകുന്നു. 4.തിരുവനന്തപുരം പബ്ലിക് റിലേഷൻ ഓഫീസർക്ക് പത്ര മാധ്യമങ്ങളിൽ ആവശ്യമായ പരസ്യം നൽകുന്നതിനായി 5 പകർപ്പുകൾ നൽകുന്നു.

G5-68329/2016/TC

09a170